'കനിഷ്ക' ദുരന്തം

16 [20] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് അറ്റ്ലാന്റിക്കിൽ തകർന്നുവീണ കനിഷ്ക എന്ന എയർ ഇൻഡ്യാ വിമാനത്തിൽ കേരളീയരായ എത്ര പേർ ഉണ്ടായിരുന്നു;

(ബി) ഇവരുടെ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) മൃതിയടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം വല്ലതും ലഭിച്ചിട്ടുണ്ടോ;

(ഡി) എത്രയാണ് ലഭിച്ചത്;

(ഇ) ഈ കാര്യത്തിൽ സംസ്ഥാനസർക്കാരിന് ഉത്തരവാദിത്വം ഏതെങ്കിലും ഉണ്ടോ?

ഉത്തരം

(എ) ഗവൺമെൻറിന് ലഭിച്ച വിവരം അനുസരിച്ച് കനിഷ്ക എന്ന എയർ ഇൻഡ്യാ വിമാനത്തിൽ 28 കേരളീയർ ഉണ്ടായിരുന്നു.

(ബി)	തിരുവനന്തപുരം	..	5
	കൊല്ലം	..	5
	ആലപ്പുഴ	..	5
	കോട്ടയം	..	5
	പത്തനംതിട്ട	..	3
	എറണാകുളം	..	4
	തൃശ്ശൂർ	..	1

(സി, ഡി, ഇ) വിമാനാപകടത്തിൽപ്പെടുന്നവർക്ക് നഷ്ട പരിഹാരം നൽകുന്നത് എയർ ഇൻഡ്യയും മറ്റു ഇൻഷ്വറൻസ് കമ്പനികളും ആണ്. അതിനാൽ സംസ്ഥാന സർക്കാർ പ്രത്യേക ആശ്വാസ നടപടികളും എടുക്കേണ്ട ആവശ്യമില്ല.

ജോൺ പോൾ മാർപ്പാപ്പയുടെ കേരള സന്ദർശനം

17 [21] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോൺ പോൾ മാർപ്പാപ്പ എന്നാണ് സംസ്ഥാന സന്ദർശനം നടത്തുന്നത്; എന്നുമുതൽ എന്നുവരെ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളാണ് സന്ദർശിക്കുന്നത്;

(സി) മാർപ്പാപ്പയ്ക്ക് സംസ്ഥാനം ഔദ്യോഗിക സ്വീകരണം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെ വെച്ച്;

(ഡി) സംസ്ഥാനം സന്ദർശിക്കുന്ന മാർപ്പാപ്പയുമായി കൂടിക്കാഴ്ച നടത്താൻ എം. എൽ. എ. മാർക്ക് പ്രത്യേക സൗകര്യം ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ. ബി. സി. & ഡി.) ജോൺ പോൾ മാർപ്പാപ്പയുടെ കേരള സന്ദർശനത്തെ സംബന്ധിച്ച് ഗവൺമെന്റിന് ഇതുവരെ ഔദ്യോഗികമായി വിവരം ലഭിച്ചിട്ടില്ല.

ലാ സെക്രട്ടറിയുടെ ടെലിഫോൺ ബിൽ

18 [33] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാ സെക്രട്ടറിയുടെ 67955, 67230 എന്നീ ടെലിഫോണുകൾക്ക് 20-8-1984 മുതൽ 20-8-1985 വരെ ടെലിഫോൺ ചാർജ് ഇനത്തിൽ ചെലവായ തുക എത്ര;

(ബി) ഓരോ ബില്ലിന്റെയും നമ്പരും, തീയതിയും, തുകയും, പ്രത്യേകം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 20-8-1984-നും 20-8-1985-നും ഇടയ്ക്കുള്ള കാലയളവിൽ 11146 രൂപ ചെലവായിട്ടുണ്ട്.

(ബി)

ഫോൺ നമ്പർ	ബിൽ തീയതി (നമ്പറില്ല)	തുക
67955	21-9-1984	1262
	21-11-1984	1018
	21-1-1985	1010
	21-3-1985	1330
	21-5-1985	1662
	21-7-1985	1310
67230	21-9-1984	686
	21-11-1984	450
	21-1-1985	402
	21-3-1985	510
	21-5-1985	602
	21-7-1985	904

ധനകാര്യവകുപ്പ് കമ്മീഷണർ ആൻഡ് സെക്രട്ടറിയുടെ ടെലഫോൺ ബിൽ

19 (35) ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പ് കമ്മീഷണർ ആൻഡ് സെക്രട്ടറിയുടെ 67586, 67850 എന്നീ ടെലഫോണുകൾക്ക് 20-8-1984 മുതൽ 20-8-1985 വരെ ടെലഫോൺ ചാർജ് ഇനത്തിൽ ചെലവായ തുക എത്ര;

(ബി) ഓരോ ബില്ലിന്റെ നമ്പരും, തീയതിയും, തുകയും പ്രത്യേകം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

ടെലഫോൺ നമ്പർ	- 67586	രൂപ	7847.00
ടെലഫോൺ നമ്പർ	- 67850	രൂപ	4572.00
	ആകെ		12419.00

LIBRARY ARCHIVES Kerala Legislative Assembly